ഉത്തരം

സ്വകാര്യ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് വിദേശരാജ്യങ്ങൾ സന്ദർശിച്ച മന്ത്രിമാരുടെ പേരും വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. *

സർട്ടിഫിക്കറ്റുകൾ പെൻഷനുകൾ നൽകുന്ന നിയമ/ചട്ടങ്ങളിലെ ഭേദഗതി

27 (1760) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനസമ്പർക്ക പരിപാടികളിൽ നിന്നും ലഭിച്ച നിവേദനങ്ങൾ ഉൾപ്പെടെ പരിശോധിച്ച് പൊതുജനങ്ങൾക്കായി സർട്ടിഫിക്കറ്റുകൾ, പെൻഷനുകൾ എന്നിവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി ഏതെല്ലാം നിയമ/ചട്ട ഭേദഗതികളാണ് വരുത്തിയതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

ജനസമ്പർക്ക പരിപാടികളിൽ നിന്നും ലഭിച്ച നിവേദനങ്ങൾ/പരാതികൾ പരിശോധിച്ചതിൽ, ഭരണപരമായ ചില നടപടിക്രമങ്ങളിൽ മാറ്റം വരുത്തേണ്ടതായോ അയവു വരുത്തേണ്ടതായോ ഉണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ ഉത്തരവുകളും നിലവിലുള്ള ചില നടപടിക്രമങ്ങളിൽ ഭേദഗതി ചെയ്തുകൊണ്ടുള്ള ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സമാഹരിച്ച് പുസ്തകരൂപത്തിൽ 'ജനപക്ഷചുവടുകൾ' എന്ന പേരിൽ വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന പ്രസിദ്ധീകരിച്ചിട്ടുമുണ്ട്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

28 (1761) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സർവ്വീസിൽ ഉദ്യോഗസ്ഥ പുനർവിന്യാസം നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ സർവ്വീസിനെ പൊതു സർവ്വീസാക്കി മാറ്റാൻ ആലോചിക്കുന്നുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിവിധ സർക്കാർ വകുപ്പിലും ഓഫീസുകളിലും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ എ.ആർ. 1 മുതൽ 10 വരെ സെക്ഷനുകളുടെ ചുമതലയിൽ പ്രവൃത്തിപഠനം നടത്തുകയും പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം നിരീക്ഷിച്ച് വിലയിരുത്തുകയും അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച 'ദി കേസ് ഫോർ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ' എന്ന പേരിലുള്ള പഠന റിപ്പോർട്ടും ഭേദഗതി റിപ്പോർട്ടും സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. മറ്റ് കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

അന്വേഷണ കമ്മീഷനുകൾ

29 (1762) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം അന്വേഷണ കമ്മീഷനുകൾ റിപ്പോർട്ടുകൾ സമർപ്പിച്ചു വിശദാംശം ലഭ്യമാക്കാമോ;

(സി) റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഓരോ അന്വേഷണ കമ്മീഷനും അനുവദിച്ച സമയപരിധി എത്ര എന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പിൽ നിന്നും സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ക്രമക്കേടുകളെയും കുറിച്ച് അന്വേഷിക്കുന്നതിനായി ജസ്റ്റിസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷനെയും കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളിയിൽ സിബി എന്ന യുവാവ് പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷിക്കുന്നതിനായി

LIBRARY ARCHIVES Kerala Legislative Assembly